**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1530** **16-10-2026-ൽ മറുപടിയ്ക്ക്**

**ടെക്നിക്കൽ ഹൈസ്കൂളുകളിലെ പി.ടി.എ.**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ രക്ഷാകർത്താക്കളിൽ നിന്നുള്ള പ്രതിനിധികൾക്ക് പകരം പി.ടി.എ. പ്രസിഡണ്ടന്മാരായി പ്രധാനധ്യാപകൻ അഥവാ സൂപ്രണ്ട് തന്നെ സ്ഥാനമേൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള നടപടികൾ തിരുത്തുന്നതിന് ആവശ്യമായ ഉത്തരവുകൾ നൽകുമോ;

**മറുപടി:** 29.12.2025-ലെ സ.ഉ. (സാധാ) നം.1623/2025/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ സൂപ്രണ്ട് തന്നെയാണ് പി.ടി.എ കമ്മിറ്റിയുടെ പ്രസിഡന്റ് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)

**(ബി)** സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ പി.ടി.എ. പ്രസിഡണ്ടായി സൂപ്രണ്ടിനെ തന്നെ തെരഞ്ഞെടുക്കണമെന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കാമോ;

**മറുപടി:** 29.12.2025-ലെ സ.ഉ. (സാധാ) നം.1623/2025/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ സൂപ്രണ്ട് തന്നെയാണ് പി.ടി.എ കമ്മിറ്റിയുടെ പ്രസിഡന്റ് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)

**(സി)** ടെക്നിക്കൽ ഹൈസ്കൂളുകളിലെ പി.ടി.എ. എക്സിക്യൂട്ടീവ് അംഗങ്ങളിൽ രക്ഷാകർത്താക്കളെക്കാൾ കൂടുതൽ അധ്യാപക പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നടപടികൾ തിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** ഇല്ല. അത്തരം നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രതിനിധികളെ ഉൾപ്പെടുത്തുന്നത്.

**(ഡി)** സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ അന്ധരായ അധ്യാപകർ അധ്യയനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് കൈകാര്യം ചെയ്യാൻ സാധിക്കുന്ന ബ്രെയിലി ലിപി ഉപയോഗിച്ചുള്ള പുസ്തകം ലഭ്യമാക്കിയിട്ടുണ്ടോ?

**മറുപടി:** ഉണ്ട്. ബ്രയിലി ലിപി പുസ്തകം KFD (കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്) സംഘടന മുഖേന ലഭ്യമാക്കിയിട്ടുണ്ട്.

**(ഇ)** കൊടുങ്ങല്ലൂർ ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി ഉയർത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഇല്ല.

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - സർക്കാർ ടെക്നിക്കൽ ഹൈസ്ക്കൂൾ അധ്യാപക രക്ഷകർതൃ സംഘടനയുടെ പുതുക്കിയ നിയമാവലി അംഗീകരിച്ചു നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(സാധാ) നം.1623/2025/HEDN തീയതി,തിരുവനന്തപുരം, 29-12-2025**

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 690/2016/ഉ.വി.വ. തിയതി 08.03.2016.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 11.03.2025, 31.05.2025, 19.12.2025 എന്നി തിയതികളിലെ DTETVM/8673/2024-C1 (ACA) നമ്പർ കത്തുകൾ.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (2) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ടെക്നിക്കൽ ഹൈസ്ക്കൂൾ അദ്ധ്യാപക-രക്ഷകർതൃ സംഘടനയുടെ പുതുക്കിയ നിയമാവലി അംഗീകരിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സി അജയൻ**

**അഡിഷണൽ സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.

www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ജെ2/58/2025/ഉ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by

Shinos S

Date: 30-12-2025 13:34:11

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

തിരുവനന്തപുരം

## ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ അധ്യാപക-രക്ഷകർതൃ സംഘടനയുടെ പുതുക്കിയ നിയമാവലി

(Approved as per G.O No: 1623/2025/HEDN dated 29/12/2025)

**I. പേര്**

ഈ സംഘടനയുടെ പേര് (സ്കൂളിന്റെ പേര്).അധ്യാപകരക്ഷകർതൃ സംഘടന എന്നായിരിക്കും. ഇത് ചുരുക്ക നാമത്തിൽ (സ്കൂളിന്റെ പേര്)പി. ടി. എ. എന്ന് അറിയപ്പെടുന്നതുമാണ്. നിയമാവലിയുടെ ഇതര ഭാഗങ്ങളിൽ പി. ടി. എ. എന്ന് മാത്രം പരാമർശിക്കപ്പെടുന്നതുമാണ്.

**II. ആഫീസ്**

പി. ടി. എ. അതാത് ടെക്നിക്കൽ ഹൈസ്കൂളിന്റെഔദ്യോഗിക വിലാസത്തിലും ആസ്ഥാനത്തും പ്രവർത്തിക്കുന്നതാണ്.

**III. ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും**

സ്കൂൾ അധികാരികളുമായി സഹകരിച്ച് നടപ്പാക്കേണ്ട പ്രധാനപ്പെട്ട ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

(i)വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക. അതോടൊപ്പം വിദ്യാർത്ഥികളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ കാര്യങ്ങളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുക.

(ii)അധ്യാപകരും രക്ഷകർത്താക്കളും തമ്മിലുള്ള പരസ്പര ധാരണയും സഹകരണവും വളർത്തിവിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പുവരുത്തുക.

(iii)സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ, ഉപകരണങ്ങൾ, ഫർണിച്ചർ, ലൈബ്രറി, ആഡിറ്റോറിയം, ബുക്കുകൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ മറ്റു സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുക.

(iv). സാംസ്കാരിക പരിപാടികൾ, കോൺഫറൻസുകൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുക.

(v). അച്ചടക്കമുള്ളതുംനിയമാനുസൃതവുമായ വിധം സ്കൂളിലെ അന്തരീക്ഷം രൂപപ്പെടുത്തുന്നതിന് സഹായിക്കുക.

(vi). വിദ്യാർത്ഥികളിൽ ദേശസ്നേഹം, അച്ചടക്കം, ഗുരുത്വം, സഹകരണം, ജാതി മതങ്ങൾക്ക് അതീതമായ ചിന്ത എന്നീ സത്ഗുണങ്ങൾ വളർത്തിയെടുക്കുന്നതിന് ശ്രമിക്കുക.

(vii). വിദ്യാഭ്യാസ കലാ-കായിക രംഗങ്ങളിൽ മികവ് കാട്ടുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി സ്കോളർഷിപ്പുകളും, സമ്മാനങ്ങളും മെഡലുകളും, സ്റ്റൈഫന്റുകളും മറ്റു സാമ്പത്തിക സഹായങ്ങളും നൽകുക.

(viii). പി. ടി. എ. യുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി അംഗങ്ങളിൽ നിന്നും അഭ്യുദയകാംക്ഷികളിൽ നിന്നും സർക്കാരിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനകാര്യ സ്ഥാപനങ്ങൾ മറ്റു സംഘടനകളിൽ നിന്നും വരിസംഖ്യ, സംഭാവനകൾ, പാരിതോഷികങ്ങൾ എന്നിവ സ്വീകരിക്കുക.

(ix). വിദ്യാർത്ഥികൾക്ക് ആവശ്യമായ ഹോസ്റ്റൽ, കാന്റീൻ, യാത്ര സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിന് വേണ്ടി യത്നിക്കുക.

(x). അധ്യാപക-വിദ്യാർത്ഥികളുടെ അഭ്യുദയത്തെ ലക്ഷ്യമാക്കിക്കൊണ്ട് മറ്റ് സാമൂഹ്യ സംഘടനകളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഗവൺമെന്റ്ഡിപ്പാർട്ട്മെന്റുകളുമായി സഹകരിച്ച് പ്രവർത്തിക്കുക.

(xi). വിദ്യാഭ്യാസ പര്യടനങ്ങൾ, പിക്നിക്കുകൾ, സാമൂഹിക സമ്മേളനങ്ങൾ, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിവിധതരം മേളകൾ എന്നിവ നടത്തുന്നതിന് പ്രോത്സാഹനം നൽകുക.

(xii).പി. ടി. എ. യുടെ അംഗങ്ങളും ചികിത്സാരംഗവുമായി ബന്ധപ്പെട്ടവരുമായ ആളുകളെ



OFFICE OF THE DIRECTOR OF TECHNICAL ... KERALA STATE THIRUVANANTHAPURAM

സംഘടിപ്പിച്ച്വിദ്യാർത്ഥികൾക്ക്അടിയന്തരഘട്ടത്തിൽ താൽക്കാലിക വൈദ്യസഹായം നൽകുന്നതിന് യത്നിക്കുക.

(xiii). വിദ്യാഭ്യാസ കലാ-കായിക രംഗങ്ങളിൽ മികവ് കാട്ടുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവിദ്യാർത്ഥികളുടെ സാമ്പത്തിക സഹായത്തിനും വേണ്ടി പി. ടി. എ. അംഗങ്ങളിൽ നിന്നോ, വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ എൻഡോവ്മെന്റുകൾ ഏർപ്പെടുത്തുവാൻ പ്രവർത്തിക്കുക.

(xiv). സ്കൂളിലെ നിർധനവിദ്യാർത്ഥികളുടെ ക്ഷേമത്തിനായി യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി ലഭ്യമാക്കുക.

(xv). മേൽപ്പറഞ്ഞഉദ്ദേശലക്ഷ്യങ്ങൾ സാധിക്കുന്നതിന് വേണ്ടി സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുക.

(xvi). സ്കൂൾ ഉച്ചഭക്ഷണം പദ്ധതി കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ ലഭ്യമാക്കുക.

(xvii). സമഗ്ര ശിക്ഷാ കേരള,സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, സമഗ്ര വിദ്യാലയവികസന പദ്ധതി തുടങ്ങിയ കമ്മിറ്റികൾക്ക് വേണ്ട സഹായസഹകരണങ്ങൾ ചെയ്യുക.

IV. അംഗത്വം

ഓരോ അധ്യയനവർഷവുംടെക്നിക്കൽ ഹൈസ്കൂൾ സ്കൂൾ രജിസ്റ്ററിൽ പേരുള്ള എല്ലാ വിദ്യാർത്ഥികളുടെയുംരക്ഷകർത്താക്കളും, ടെക്നിക്കൽ ഹൈസ്കൂളിലെ എല്ലാ അധ്യാപകരും പി. ടി. എ. യിലെഅംഗങ്ങൾ ആയിരിക്കുന്നതാണ്.

V. അംഗത്വം ഇല്ലാതാകൽ

ഒരു വിദ്യാർത്ഥിയുടെരക്ഷാകർത്താവ് എന്ന നിലയിൽ അംഗമായ ഒരാളുടെ അംഗത്വം പ്രസ്തുത വിദ്യാർത്ഥിസ്കൂൾ വിടുന്നതോടുകൂടി സ്വാഭാവികമായും ഇല്ലാതാകുന്നതും അതുപോലെ തന്നെ അധ്യാപകർ എന്ന നിലയിൽ അംഗമായ ഒരാളുടെ അംഗത്വം പ്രസ്തുത അധ്യാപകൻ സ്കൂളിൽ നിന്നും വിടുതൽ ചെയ്യപ്പെടുന്നതോടുകൂടിനഷ്ടപ്പെടുന്നതുമാണ്.

VI. അംഗത്വഫീസ്

പി. ടി. എ. യിൽ അംഗമാകുന്ന എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർത്ഥികളെരക്ഷകർത്താക്കളും മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി അംഗത്വ വരിസംഖ്യനൽകേണ്ടതാണ്.

VII. വോട്ടവകാശം

പി. ടി. എ. യിലെ എല്ലാ അംഗങ്ങൾക്കും വോട്ടവകാശം. ഉണ്ടായിരിക്കുന്നതാണ്.

VIII. പൊതുയോഗവും അധികാരങ്ങളും

നാലാം വകുപ്പ് അനുസരിച്ച് അംഗത്വം ലഭിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുംപൊതുയോഗത്തിൽ ഹാജരാകാം. പൊതുയോഗം വർഷത്തിൽ ഒരു തവണയെങ്കിലും കൂടിയിരിക്കണം. കൂടാതെ നിർവഹണസമിതിക്ക് ആവശ്യമെന്ന് തോന്നിയാൽ സമിതിയുടെ തീരുമാനം അനുസരിച്ച് പൊതുയോഗം വിളിച്ചു കൂട്ടാം. പൊതുയോഗം എല്ലാ അധ്യായനവർഷവും ജൂലൈ മാസം ഒന്നാം വാരം വിളിച്ചു കൂട്ടേണ്ടതാണ്. പൊതുയോഗം പി. ടി. എ. യുടെപരമാധികാരസഭ ആയിരിക്കും.

IX. പൊതുയോഗത്തിന്റെ അജണ്ടയും ഭരണനിർവഹണവും

1. പൊതുയോഗ നോട്ടീസ് എല്ലാ രക്ഷകർത്താക്കൾക്കും15 ദിവസത്തിന് മുമ്പ് നൽകേണ്ടതാണ്. പൊതുയോഗ നോട്ടീസ് വായിച്ച് അംഗീകരിക്കുക.

2. കമ്മറ്റിയുടെ തീരുമാനങ്ങൾ പൊതുയോഗത്തിൽ വായിച്ച് അംഗീകാരം നേടുക.

3. വാർഷികറിപ്പോർട്ട്ചർച്ചചെയ്ത് അംഗീകരിക്കുക.

4. മുൻവർഷത്തെ ആഡിറ്റ് ചെയ്ത വരവ് ചിലവ് കണക്കുകൾ ചർച്ച ചെയ്തു അംഗീകരിക്കുക.

5. വരും വർഷത്തേക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ അംഗീകരിക്കുക.

6. പുതിയ ഭരണസമിതി അംഗങ്ങളെയും ഓഡിറ്റേഴ്സിനെയും തിരഞ്ഞെടുക്കുക. രക്ഷാകർതൃ പ്രതിനിധികളെ രക്ഷകർത്താക്കളിൽ നിന്നും അധ്യാപക പ്രതിനിധികളെ അധ്യാപകരിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്. പുതിയ ഭരണസമിതി കൂടി ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്. പി. ടി. എ. യുടെ എല്ലാ അംഗങ്ങൾക്കും വോട്ടവകാശം ഉണ്ടായിരിക്കും.

7. അൻപതോ (50) മൊത്തം അംഗസംഖ്യയുടെ അഞ്ചിൽ ഒന്നോ ഏതാണ് കുറവ് എന്നാൽ അതായിരിക്കുംപൊതുയോഗത്തിന്റെ ക്വാറം.

8. ബൈലോയിൽ പ്രത്യേകം പറഞ്ഞിട്ടില്ലാത്തതും പി. ടി. എ. യുടെപ്രവർത്തനത്തിന് ആവശ്യമെന്ന് തോന്നുന്നതുമായ മറ്റെല്ലാ കാര്യങ്ങളും നടത്തുന്നതിന് നിർവഹണസമിതിക്ക്നിർദ്ദേശംനൽകുക.

9. എല്ലാ തീരുമാനങ്ങളും ഭൂരിപക്ഷപ്രകാരം ആയിരിക്കും. അല്ലാത്തപക്ഷം പ്രസിഡന്റിന്റെ കാസ്റ്റിംഗ് വോട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

X. വരവിനങ്ങൾ

സാധാരണഗതിയിൽ പി. ടി. എ. യുടെ വരുമാന മാർഗം താഴെപ്പറയുന്ന ആയിരിക്കുന്നതാണ്.

1. അംഗത്വ ഫീസ്
2. വാർഷികവരിസംഖ്യ
3. സംഭാവനകൾ, പാരിതോഷികങ്ങൾ.

KERALA STATE Thiruvananthapuram Pin - 695 033

4. സാംസ്കാരിക പ്രദർശനങ്ങൾ/ വിദ്യാഭ്യാസ മേളകൾ, കലാ-കായികമേളകൾ എന്നിവയിൽ നിന്നുള്ള വരവുകൾ.

5. സർക്കാരിൽ നിന്നും, തദ്ദേശഭരണ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഗ്രാൻഡുകൾ/ സംഭാവനകൾ.

6. എൻഡോവ്മെന്റ്കളിൽ നിന്നും ലഭിക്കുന്ന വരവുകൾ.

7. പരസ്യ ഇനത്തിൽ ലഭിക്കുന്ന വരവുകൾ.

8. പൂർവ്വവിദ്യാർത്ഥി സംഘടനയ്ക്ക് രൂപം കൊടുത്തിട്ടില്ലാത്ത/പ്രവർത്തിക്കാത്ത സ്ഥാപനങ്ങളിൽ അവരിൽ നിന്നുമുള്ള സഹായം പി ടി എ അക്കൗണ്ട് വഴി സ്വീകരിക്കാവുന്നതാണ്.

XI. സാമ്പത്തിക അധികാരം

ജനറൽബോഡിയുടെ അംഗീകാരത്തിനും ഗവൺമെന്റ്നിയമങ്ങൾക്കും വിധേയമായി സ്കൂൾ വിദ്യാർത്ഥികളുടെ ഉന്നമനത്തിനു വേണ്ടി വരുന്ന ധനാഗമ മാർഗങ്ങൾ സ്കൂൾ അധികാരികളുടെ അറിവോടുകൂടി സ്വീകരിക്കാൻ പി. ടി. എ. കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കാൻ ബസ് സർവീസ് നടത്തുന്നതിന് വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കാൻ പി. ടി. എ. കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

XII. എക്സിക്യൂട്ടീവ് കമ്മിറ്റി

1. പി ടി എ യിലെഭരണനിർവഹണംജനറൽ ബോഡിയിൽ നിന്നും തിരഞ്ഞെടുക്കുന്ന രക്ഷകർത്താക്കളും അധ്യാപകരും അടങ്ങുന്ന കമ്മിറ്റി നിർവഹിക്കുന്നതാണ്.

2. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ രണ്ട് ബാച്ചുള്ള സ്കൂളിൽ കുറഞ്ഞത് 19 അംഗങ്ങളും (അതിൽ 9അധ്യാപകർ,9രക്ഷകർത്താക്കൾ, സൂപ്രണ്ട്) ഒരു ബാച്ചുള്ള സ്കൂളിൽ കുറഞ്ഞത് 13 അംഗങ്ങളും (അതിൽ 6 അധ്യാപകരും,6രക്ഷകർത്താക്കളും സൂപ്രണ്ടും) ഉണ്ടായിരിക്കും.ഇതിൽ രക്ഷകർത്താക്കളിൽ നിന്നും ഉള്ള അംഗങ്ങളിൽ 3പേർ മദർ പി. ടി. എ. അംഗങ്ങൾ ആയിരിക്കും. അതുകൂടാതെഇതിൽ അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും എണ്ണം തുല്യമായിരിക്കും. രക്ഷാകർതൃ പ്രതിനിധികളെ തിരഞ്ഞെടുക്കാൻ രക്ഷകർത്താക്കൾക്കുംഅധ്യാപക പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ അധ്യാപകർക്കും മാത്രം അധികാരം ഉണ്ടായിരിക്കുന്നതാണ്.

3. സൂപ്രണ്ട് കമ്മിറ്റിയുടെ പ്രസിഡന്റ് ആയിരിക്കും.

4. വൈസ് പ്രസിഡണ്ടിനെ രക്ഷാകർതൃപ്രതിനിധികളിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.

5. വാർഷികപൊതുയോഗത്തിൽ തെരഞ്ഞെടുക്കുന്ന കമ്മിറ്റി അംഗങ്ങൾ കൂടി വേണം വൈസ് പ്രസിഡണ്ടിനെ തിരഞ്ഞെടുക്കാൻ.

6. സംഘടനയുടെ പ്രസിഡൻറ് വൈസ് പ്രസിഡൻറ്കൺവീനർ എന്നിവർ യഥാക്രമം നിർവഹണ സമിതിയുടെ ചെയർമാൻ സെക്രട്ടറി എന്നീ പദവികളിലും അറിയപ്പെടും.

7. സ്കൂളിലെ എൻജിനീയറിങ് ഇൻസ്ട്രക്ടർ, ഫോർമാൻ ക്ലാസ് ടീച്ചർ എന്നിവർ നിർവഹണസമിതിയിലെ അംഗങ്ങൾ ആയിരിക്കും.

8. ഒരു കമ്മിറ്റിയുടെ കാലാവധി അതാത് സ്കൂൾ അധ്യയനവർഷം മാത്രമായിരിക്കും. എന്നാൽ പുതിയ ഭരണസമിതി അധികാരം ഏൽക്കുന്നത് വരെ നിലവിലുള്ള ഭരണസമിതി തുടരുന്നതാണ്.മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും കമ്മിറ്റി കൂടേണ്ടതാണ്.

**XIII. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലകളും ഭരണ നിർവഹണവും**

1. ഭരണനിർവഹണത്തിന്റെ പൂർണ്ണ ചുമതല എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ആയിരിക്കും.

2. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ എല്ലാ തീരുമാനവും ഭൂരിപക്ഷ അഭിപ്രായപ്രകാരം ആയിരിക്കേണ്ടതാണ്.

3. അതാത് മാസത്തെ വരവ് ചെലവ് കണക്ക് പാസാക്കുക.

4. വാർഷിക പൊതുയോഗം അംഗീകരിച്ച ബഡ്ജറ്റിന് അനുസൃതമായ ചെലവുകൾ നടത്തുക. എന്നാൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചു വരാത്തതും അത്യാവശ്യമായി ചെലവ് നടത്തേണ്ടതുമായ ഒരു പ്രത്യേക കാര്യത്തിന് വേണ്ടി പരമാവധി 25000 രൂപ വരെയുള്ള ചില ദിനങ്ങൾക്ക് കരുണാനുമതി നൽകാനുള്ള അധികാരം കമ്മിറ്റിക്ക് ഉണ്ടായിരിക്കും. ഏതെങ്കിലും കാരണവശാൽ ഈ പരിധി കവിഞ്ഞാൽ അസാധാരണ എക്സിക്യൂട്ടീവ് കമ്മിറ്റി വിളിച്ച് അംഗീകാരം വാങ്ങേണ്ടതാണ് കമ്മിറ്റിയുടെ രണ്ട് ബാച്ചുള്ളിടത്ത് 10 അല്ലെങ്കിൽ കമ്മിറ്റിയുടെ മൂന്നിൽ രണ്ട് അംഗങ്ങളും ഏതാണോ കുറവ് അതായിരിക്കും ഒരു ബാച്ച് ഉള്ളിടത്ത് 8 അല്ലെങ്കിൽ മൂന്നിൽ രണ്ട് അംഗങ്ങളോ ഏതാണ് കുറവ് അതായിരിക്കും അതിൽ അധ്യാപക പ്രതിനിധികളും രക്ഷകർത്താക്കളും തുല്യ അംഗങ്ങൾ ആയിരിക്കണം.

5. ഏതെങ്കിലും പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യേണ്ടിവരുമ്പോൾ അതിൻറെനടത്തിപ്പിലേക്കായി സബ്കമ്മിറ്റി രൂപീകരിക്കുക അപ്രകാരം സബ്കമ്മിറ്റി രൂപീകരിക്കുമ്പോൾ അതിൻറെ കൺവീനർ സ്ഥാനം എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഒരംഗം ആയിരിക്കേണ്ടതാണ്.



OFFICE OF THE DIRECTOR OF TECHNICAL ED... KERALA STATE Thiruvananthapuram Pin - 695 033

6. വാർഷിക പൊതുയോഗം വിളിച്ചു ചേർക്കുക പൊതുയോഗ അജണ്ട തയ്യാറാക്കുക.

7. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിൽ രേഖാമൂലം മുൻകൂട്ടിയുള്ള അറിയിപ്പ് കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുന്ന അംഗങ്ങളെ നീക്കം ചെയ്യുക മുകളിൽ പറഞ്ഞ പ്രകാരം നീക്കം ചെയ്യപ്പെടുന്ന അംഗങ്ങൾക്ക് പകരമായി പിടിഎ അംഗങ്ങളിൽ നിന്നും നോമിനേഷൻ നടത്താവുന്നതാണ് അടുത്ത പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

8. പിടിഎ വാർഷിക പൊതുയോഗത്തിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്താൻ വേണ്ടി പ്രവർത്തിക്കുക.

9. വാർഷികപൊതുയോഗത്തിൽ അവതരിപ്പിക്കുന്ന പ്രവർത്തന റിപ്പോർട്ട് വരവ് ചെലവ് കണക്ക് ബഡ്ജറ്റ് എന്നിവയ്ക്ക് അംഗീകാരം നൽകുക.

10. വാർഷികപൊതുയോഗത്തിൽ അവതരിപ്പിക്കുന്ന വരവ്, ചെലവ് കണക്ക് അവതരിപ്പിക്കുന്നതിനു മുൻപ് ഓഡിറ്റിന് വിധേയമാക്കുക.

11. ഗവൺമെന്റിനോ മന്ത്രിമാർക്ക് നിവേദനമോ പരാതികളോ സമർപ്പിക്കുമ്പോൾ ആയതിന്റെ കോപ്പി പ്രസിഡന്റ്, സീനിയർ ജോയിന്റ് ഡയറക്ടർ (പി .എസ് )എന്നിവർക്ക് നൽകിയിരിക്കണം.

12. പി ടി എയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കാൻ വേണ്ട എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുക.

13. സംഘത്തിൻറെ ഫണ്ട് പിടിഎ യുടെ പേരിൽ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ നിക്ഷേപിക്കുക.

14. വിദ്യാർത്ഥികളുടെ പൊതുവായ ക്ഷേമത്തിന് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തനം നയിക്കുക.

15. പിടിഎ അക്കൗണ്ട് പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും കൂട്ടത്തരവാദിത്വത്തിൽ സംഘടനയുടെ മുദ്രയോടുകൂടിയായിരിക്കണം.

16. ട്രഷറർ പരമാവധി 5000 രൂപ മാത്രമേ കൈവശം വയ്ക്കുവാൻ പാടുള്ളൂ.

17. പി ടി എ ഫണ്ട് ഉപയോഗിച്ച് പർച്ചേസ്നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാനുവൽ പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

18. പിടിഎ കണക്കുകൾ ഗവൺമെന്റ് ഓഡിറ്റുകൾക്ക് വിധേയമാകുന്നതിനാൽ വേണ്ട മുന്നൊരുക്കങ്ങൾ നടത്തുക.

19. സംസ്ഥാന ടി എച്ച് എസ് സ്പോർട്സ് ആർട്സ് ശാസ്ത്രമേള എന്നിവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹകരണങ്ങൾ ലഭ്യമാക്കുക.

XIV. ഔദ്യോഗിക ഭാരവാഹികളും ചുമതലകളും

നിർവ്വഹണ സമിതിയുടെ യോഗം കൂടി താഴെ പറയുന്ന ഔദ്യോഗിക ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.

1. പ്രസിഡൻറ്/ സൂപ്രണ്ട്

2. വൈസ് പ്രസിഡൻറ് (രക്ഷാകർതൃ പ്രതിനിധി)

3. സെക്രട്ടറി (അധ്യാപക പ്രതിനിധി)

4. ട്രഷറർ (അധ്യാപക പ്രതിനിധി

5.മദർ പി ടി എ പ്രസിഡന്റ്

1. പ്രസിഡൻറ്

i)പി ടി എയുടെ പൊതുയോഗങ്ങളിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിലും പ്രസിഡൻറ് അധ്യക്ഷൻ വഹിക്കേണ്ടതും എല്ലാ കാര്യങ്ങളിലും പൊതുവായ നിയന്ത്രണം ഉണ്ടായിരിക്കേണ്ടതും ഇതര ഭാരവാഹികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

ii) പി ടി എയുടെ സാമാന്യമായ നടത്തിപ്പിനെ നിയന്ത്രിക്കുക

iii)അത്യാവശ്യ സാഹചര്യങ്ങളിലോ നിർവാഹക സമിതിയിലെ പത്തിൽ (10) കുറയാതെ അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാലോ അടിയന്തര കമ്മറ്റി യോഗങ്ങൾ വിളിച്ചു കൂട്ടുക

iv)പിടിഎയ്ക്ക് വേണ്ടി നടത്തുന്ന എല്ലാ എഴുത്തുകുത്തുകളുടെയും പൂർണ ചുമതല പ്രെസിഡന്റിൽ നിക്ഷിപ്തമായിരിക്കണം.

v)അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന്റെ കൂട്ട് ഉത്തരവാദിത്വം.

2. വൈസ് പ്രസിഡൻറ്

i. പ്രസിഡന്റിന്റെഅഭാവത്തിൽ വൈസ് പ്രസിഡണ്ടിന് യോഗനടപടികളിൽ പ്രസിഡന്റിന്റെ എല്ലാ ചുമതലകളും ഉണ്ടായിരിക്കും.
ii. രക്ഷിതാക്കളുടെ ഭാഗത്തുനിന്നുള്ള സഹകരണവും സാന്നിധ്യവും ഉറപ്പുവരുത്തുന്ന ഇടപെടലുകൾ നടത്തുക.
iii. അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന്റെ കൂട്ടുത്തരവാദിത്ത്വം വഹിക്കുക.

3. സെക്രട്ടറി

i). അധ്യാപകപ്രതിനിധികളിൽ നിന്നും ഒരാൾ കമ്മറ്റിയുടെ സെക്രട്ടറി ആയിരിക്കും.

ii). പിടിഎയുടെ എല്ലാ റെക്കോർഡുകളുടെയും ചുമതല.

iii). വേണ്ടി ഔദ്യോഗികമായ എല്ലാ എഴുത്തു കുത്തുകളും പ്രസിഡന്ററിന്റെ അറിവോടുകൂടി നടത്തുക കമ്മറ്റിക്ക് വേണ്ടി രേഖകൾ സൂക്ഷിക്കുക.

iv). പൊതുയോഗത്തിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനങ്ങൾ പ്രസിഡൻറ് ഉപദേശ നിർദ്ദേശാനുസരണം പ്രാവർത്തികമാക്കുക.

v). പൊതുയോഗങ്ങൾ കമ്മിറ്റി മീറ്റിങ്ങുകൾ ഇവ വിളിച്ചു കൂട്ടുക ഈ യോഗങ്ങളുടെ മിനിറ്റ് എഴുതി തയ്യാറാക്കുക.

vi). വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ട പ്രവർത്തനറിപ്പോർട്ട് ബഡ്ജറ്റ് എന്നിവ എഴുതി തയ്യാറാക്കി കമ്മിറ്റിയുടെ അംഗീകാരം വാങ്ങി അവതരിപ്പിക്കുക.

4. ട്രഷറർ

i). അധ്യാപക പ്രതിനിധിയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരാൾ ആയിരിക്കും ട്രഷറർ.

ii). നിർവഹണസമിതി അംഗീകരിച്ച കാര്യങ്ങൾക്കായുള്ള പണം ഇടപാടുകൾ നടത്തുക അതിൻറെ രേഖകളും വൗച്ചറുകളും സൂക്ഷിച്ച് അടുത്ത നിർവഹണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുക.

iii). സമിതി അംഗീകരിച്ച ബില്ലുകളും ക്യാഷ് ബുക്കും രേഖകളും സൂക്ഷിക്കുക.

iv).പ്രസിഡന്ററിന്റെയും വൈസ് പ്രസിഡന്ററിന്റെയും കൂട്ടുത്തരവാദിത്വത്തിൽ ഏതെങ്കിലും ദേശസാൽകൃതബാങ്കിൽ ഫണ്ട് നിക്ഷേപിച്ച പണമിടപാട് നടത്തുക.

v). ട്രഷറർ പരമാവധി 5000 രൂപ മാത്രമേ കൈവശം വയ്ക്കുവാൻ പാടുള്ളൂ കൂടാതെ ബാക്കി വരുന്ന എല്ലാ തുകയും ബാങ്കിലിടുക്ക്ഇടപാടുകൾ നടത്തുവാൻ പാടുള്ളൂ.

vi). ബില്ലുകളും വൗച്ചറുകളും പ്രസിഡന്ററിന്റെ കയ്യൊപ്പോട് കൂടി സൂക്ഷിക്കുക.

vii). വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ബന്ധപ്പെട്ട കമ്മിറ്റികൾക്ക് മുൻപാകെ അവതരിപ്പിക്കുകയും വിശദവിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

5.മദർ പി ടി എ പ്രസിഡന്ററ്

പി ടി എ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെട്ട എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയുടെ മാതാവ് ആയിരിക്കണം. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി കാര്യ ക്ഷമമായി നടപ്പിലാക്കുന്നതിലും പെൺകുട്ടികളുടെ സമഗ്ര വികസനത്തിന് വേണ്ട ഇടപെടലുകൾ നടത്തുകയും ആവശ്യമായ



DIRECTOR OF TE...

നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. ഈ ആവശ്യങ്ങൾക്കായി മറ്റുള്ള രക്ഷകർത്താക്കളുടെ അഭിപ്രായ ക്രോഡീകരണം നടത്തുക.

പിടിഎയുടെ നടത്തിപ്പും പിടിഎ ഫണ്ട് ഉപയോഗിച്ചുള്ള എല്ലാ ധന വിനിയോഗങ്ങളും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 04/05/2015 തീയതിയിലെ സർക്കുലർ നമ്പർ എ യു സി(2) 27484പ്രകാരം ആയിരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ